# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4398
### 25.10.2016 ലെ മറുപടിയ്ക്ക്

**<u>ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ ട്രഷറി പരിഷ്കാരം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| സംസ്ഥാനത്തെ ട്രഷറികളെ ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | സംസ്ഥാനത്തെ ട്രഷറികളെ ആധുനിക ബാങ്കുകളുമായി മത്സരിക്കുന്ന തരത്തിൽ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. ട്രഷറികളിൽ നടന്നുവരുന്ന ആധുനികവൽക്കരണ പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. <u>കോർബാങ്കിങ് സംവിധാനം</u><br><br>20.10.2016 വരെ സംസ്ഥാനത്തെ 163 ട്രഷറികളിൽ കോർബാങ്കിങ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഡിസംബർ മാസത്തോടുകൂടി എല്ലാ ട്രഷറികളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . ഈ സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ട്രഷറിയിൽ അക്കൗണ്ടുള്ള ഒരാൾക്ക് സംസ്ഥാനത്തെ ഏതു ട്രഷറിയിൽ നിന്നും പണമിടപാട് നടത്തുവാൻ കഴിയുന്നതാണ്.<br><br>2. <u>നെറ്റ് ബാങ്കിങ്</u><br><br>സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും പരസ്പരം ബന്ധിപ്പിച്ചുകഴിഞ്ഞു. നെറ്റ്ബാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ഒരാളുടെ അക്കൗണ്ടിൽ നിന്നും പണം മറ്റ് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിലേക്കോ ബാങ്ക് അക്കൗണ്ടുകളിലേക്കോ ഏതു സമയത്തും സ്വമേധയാ മാറ്റുന്നതിനുള്ള സൗകര്യവും നിലവിൽ വരും. ഇതുവഴി ട്രഷറികളിൽ നേരിട്ട് പോയി ഇടപാട് നടത്തുന്നതിന്റെ ആവശ്യകത ഇല്ലാതാവും. മാത്രവുമല്ല ഈ സേവനം ഓഫീസ് സമയത്തിനുശേഷവും എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാൻ കഴിയുന്നതാണ്. |

3. പലിശനിരക്ക്

ഇപ്പോൾ ബാങ്ക് നിരക്കിനേക്കാൾ കൂടിയ പലിശയാണ് ട്രഷറികളിൽ നൽകിവരുന്നത്. ട്രഷറികളിൽ നിലവിലുള്ള പലിശ നിരക്ക് താഴെ ചേർക്കുന്നു.

| ട്രഷറി സേവിങ്ങ്സ് ബാങ്ക് | 5% | |
|---|---|---|
| സ്ഥിരനിക്ഷേപം | ജനറൽ | മുതിർന്ന പൗരൻ |
| (180 days and above but below 1 year) | 7.5% | 8% |
| 1 year and above but below 2 year<br><br>2 years and above but below 3 years<br><br>3 years and above | 9% | 9.5% |

4. യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം

ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുടമകൾക്ക് യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം വഴി വൈദ്യുതി, വെള്ളക്കരം. KSFE ചിട്ടി, ടെലഫോൺ ചാർജ്, വീട്ടുകരം, നികുതി, സർവകലാശാല ഫീസുകൾ തുടങ്ങിയവ അടക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സോഫ്റ്റ് വെയർ നിർമ്മാണം പുരോഗമിക്കുന്നു.

5. ഇ-ട്രഷറി സംവിധാനം:-

ഇ-ട്രഷറി സംവിധാനം വഴി ഉപഭോക്താൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേക്ക് പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെയും എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ